# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വരുന്ന രണ്ട് പതിറ്റാണ്ടിലേയ്ക്കുള്ള ഉത്കൃഷ്ട ലക്ഷ്യങ്ങൾക്കായി കൂട്ടായി പ്രവർത്തിക്കാനുറച്ച് ബ്രിക്സ് രാജ്യങ്ങൾ. ഡൽഹി പ്രഖ്യാപനത്തിന് പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിയിൽ ലോക രാഷ്ട്രങ്ങളുടെ അംഗീകാരം.

   **BRICS nations resolve to work together towards ambitious goals for the next two decades; world leaders endorse the Delhi Declaration at the 18th BRICS Summit.**

2. പത്തിന ബ്രിക്സ് പരിഷ്കരണ മാർഗരേഖ മുന്നോട്ടുവച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി; നാവികർക്കായി അടിയന്തര പിന്തുണാ ശൃംഖല കെട്ടിപ്പടുക്കണമെന്നും നിർദേശം.

   **Prime Minister Narendra Modi proposes a ten-point roadmap for BRICS reform; calls for building an emergency support network for seafarers.**

3. ഉച്ചകോടിക്കിടെ ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയനുമായി കൂടിക്കാഴ്ച നടത്തി രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu meets Iranian President Masoud Pezeshkian on the sidelines of the BRICS Summit.**

4. ചെങ്കടൽ വഴിയുള്ള കപ്പൽ ഗതാഗതത്തിൽ പിടിമുറുക്കി യെമനിലെ ഹൂതി വിമതർ;

ആക്രമണത്തിന് പിന്നാലെ സുപ്രധാന എണ്ണ പൈപ്പ്ലൈൻ അടച്ച് സൗദി അറേബ്യ.

**Yemeni Houthi rebels tighten grip on shipping through the Red Sea; Saudi Arabia shuts down a key oil pipeline following the attack.**

5. വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാൻ കേരളത്തിൽ കരുത്തുറ്റ നയം ആവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

**Kerala Chief Minister V. D. Satheesan says a robust policy will be formulated to overcome the power crisis in the state.**

6. ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ടി - 20 ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും.

**India-Afghanistan men's T20 cricket series to begin in New Delhi tomorrow.**

**&&&&&&&&&&&&&&&&&&&&**

## BRICS DECLARATION

18-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ന്യൂഡൽഹിയിൽ തുടക്കമായി. ഭാരത് മണ്ഡപത്തിൽ ഇന്നും നാളെയുമായി നടക്കുന്ന ഉച്ചകോടിയുടെ ആദ്യ ദിനത്തിൽ ന്യൂഡൽഹി പ്രഖ്യാപനം ബ്രിക്സ് രാഷ്ട്രങ്ങൾ ഏകകണ്ഠമായി അംഗീകരിച്ചു. അംഗരാജ്യങ്ങളുടെ നിശ്ചയദാർഢ്യത്തിന് ന്യൂഡൽഹി പ്രഖ്യാപനം വ്യക്തമായ ദിശാബോധം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

**&&&&&&&&&&&&&&&&&&&&**

## NEW DELHI DECLARATION- INTRO

ആഗോള സമാധാനത്തിനായും ഭീകരവാദത്തിനെതിരായും ശക്തമായ ആഹ്വാനവുമായാണ് ന്യൂഡൽഹി പ്രഖ്യാപനത്തെ ബ്രിക്സ് അംഗരാജ്യങ്ങൾ സ്വീകരിച്ചത്. കഴിഞ്ഞ വർഷം ജമ്മു കശ്മീരിലുണ്ടായ ഭീകരാക്രമണത്തെ

ബ്രിക്സ് രാജ്യങ്ങൾ ശക്തമായി അപലപിച്ചു. ലോകത്തു തുടരുന്ന സംഘർഷങ്ങളിലും അന്താരാഷ്ട്രതലത്തിലെ ധ്രുവീകരണത്തിലും സംഘടന കടുത്ത ആശങ്ക രേഖപ്പെടുത്തി.

വിശദാംശങ്ങളിലേക്ക്...
(വോയിസ്)

## NEW DELHI DECLARATION- VOICE

പശ്ചിമേഷ്യയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളിൽ ബ്രിക്സ് അംഗങ്ങൾ അതീവ ആശങ്ക പ്രകടിപ്പിച്ചു. പരമാവധി സംയമനം പാലിക്കാൻ രാജ്യങ്ങൾ ആഹ്വാനം ചെയ്തു. ഐക്യരാഷ്ട്രസഭ ചാർട്ടറിലെ ലക്ഷ്യങ്ങൾക്കും തത്വങ്ങൾക്കും അനുസൃതമായി സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ അംഗരാജ്യങ്ങൾ ആവശ്യപ്പെട്ടു. ആണവോർജ്ജ ഏജൻസിയുടെ പൂർണ്ണ സുരക്ഷാ നിരീക്ഷണത്തിലുള്ള ആണവ കേന്ദ്രങ്ങൾക്ക് നേരെയുണ്ടാകുന്ന ബോധപൂർവ്വമായ ആക്രമണങ്ങളിൽ ബ്രിക്സ് അംഗങ്ങൾ ഗൗരവമായ ആശങ്ക രേഖപ്പെടുത്തി. ഇസ്രയേൽ-പാലസ്തൈൻ സംഘർഷത്തിന്സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ മാത്രമേ ശാശ്വത പരിഹാരം കാണാൻ കഴിയൂ. ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിര വികസനം, കാലാവസ്ഥാ വ്യതിയാനം എന്നിവ നേരിടാൻ ബഹുരാഷ്ട്ര സഹകരണം അത്യാവശ്യമാണെന്നും ന്യൂഡൽഹി പ്രഖ്യാപനം ചൂണ്ടിക്കാട്ടുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&&&&&

## BRICS-DECLARATION-SPORTS

കായിക-സാങ്കേതികവിദ്യ കർമസമിതി രൂപീകരണം, കായികോപകരണ നിർമാണ കോൺക്ലേവ് എന്നിങ്ങനെ ഇന്ത്യയുടെ രണ്ടു ശിപാർശകളും ബ്രിക്സ് ന്യൂഡൽഹി പ്രഖ്യാപനം അംഗീകരികരിച്ചു. സാമൂഹ്യ വികസനത്തിന്റെ സുപ്രധാന സൂചികയാണ് കായികമേഖലയെന്നു ചൂണ്ടിക്കാട്ടിയായിരുന്നു അംഗീകാരം.

&&&&&&&&&&&&&&&&&&&&

## BRICS- INTRO

ജനകേന്ദ്രീകൃതവും മാനവികതയ്ക്ക് മുൻഗണന നൽകുന്നതുമായ സമീപനത്തോടെയാണ് ഇന്ത്യ ബ്രിക്സ് അധ്യക്ഷപദം വഹിക്കുന്നത് എന്ന് ഉച്ചകോടിയെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പറഞ്ഞു. ബ്രിക്സ് ആർക്കും എതിരല്ലെന്ന് വ്യക്തമാക്കിയ പ്രധാനമന്ത്രി, കൂടുതൽ പ്രാതിനിധ്യമുള്ളതും ഏവരെയും ഉൾക്കൊള്ളുന്നതുമായ ആഗോള ഭരണസംവിധാനത്തിനായി ആഹ്വാനം ചെയ്തു.

വിശദാംശങ്ങളിലേയ്ക്ക്.....

(വോയിസ്)

## BRICS- VOICE

ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ നിരവധി ആഗോള പ്രതിസന്ധികൾ നേരിടുന്നുണ്ടെങ്കിലും തീരുമാനങ്ങൾ എടുക്കുന്നതിൽ പരിഗണിക്കപ്പെടുന്നില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ആഗോള ഭരണ പരിഷ്കരണത്തിനായി 10 ഇന നിർദ്ദേശങ്ങളും അദ്ദേഹം അവതരിപ്പിച്ചു. ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതി പരിഷ്കരിക്കുന്നത് ഇനി വൈകിക്കാനാവില്ലെന്ന് വ്യക്തമാക്കിയ പ്രധാനമന്ത്രി, സമയബന്ധിതമായ മാറ്റങ്ങൾ ആവശ്യപ്പെട്ടു. കൂടാതെ,

ആഗോള സാമ്പത്തിക ഭരണ സംവിധാനം കൈകാര്യം ചെയ്യുന്നതിൽ അതിവേഗം വളരുന്ന രാജ്യങ്ങൾക്ക് കൂടുതൽ പങ്കാളിത്തം നൽകണമെന്നും നിർദ്ദേശിച്ചു.

(ഹോൾഡ് വോയിസ്)

അടുത്ത 20 വർഷത്തേക്ക് ഉത്കൃഷ്ട ലക്ഷ്യങ്ങൾക്കായി ബ്രിക്സ് രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. സാമ്പത്തിക സ്ഥാപനങ്ങൾക്കുള്ളിലെ വോട്ടിംഗ് അവകാശം, നേതൃസ്ഥാനങ്ങൾ, നയപരമായ മുൻഗണനകൾ എന്നിവ ഇന്നത്തെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്ക് അനുസൃതമായിരിക്കണമെന്നും ശ്രീ മോദി വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&

## BRICS- NAVY-INTRO

സമുദ്രതീര തൊഴിലാളികളും നാവികരും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ അടിയന്തര പിന്തുണ ശൃംഖല സ്ഥാപിക്കണമെന്ന് ഉച്ചകോടിയിൽ പ്രധാനമന്ത്രി നിർദ്ദേശം മുന്നോട്ടുവച്ചു. ആഗോള വ്യാപാരത്തിൽ നാവികർ ഗണ്യമായ സംഭാവന നൽകുന്നുണ്ടെങ്കിലും, അടിയന്തര ഘട്ടങ്ങളിൽ പലപ്പോഴും അവർക്ക് ആവശ്യമായ പിന്തുണ ലഭിക്കുന്നില്ലെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## BRICS - POSTAL STAMP

ബ്രിക്സ് കൂട്ടായ്മ 20 വർഷം പൂർത്തിയാകുന്നതിന്റെ സ്മരണയ്ക്കായി രണ്ട് പ്രത്യേക തപാൽ സ്റ്റാമ്പുകളും പ്രധാനമന്ത്രി പുറത്തിറക്കി. തുടർന്ന് പ്രധാനമന്ത്രിയും ബ്രിക്സ് നേതാക്കളും ഭാരത് മണ്ഡപത്തിന്റെ പുൽത്തകിടിയിൽ തൈച്ചെടികൾ നട്ടു. ഇന്ത്യ ഇന്നൊവേറ്റ്സ് പ്രദർശനവും നേതാക്കൾ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&&&

## PREZ MURMU - PEZESHKIAN

രാഷ്ട്രപതി ദ്രൗപദി മുർമു ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാനാണ് ഇറാൻ പ്രസിഡന്റ് ഇന്ത്യയിലെത്തിയത്.

&&&&&&&&&&&&&&&&&&&&

## PM-BILATERALS

ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിവിധ രാഷ്ട്രത്തലവന്മാരുമായി ഉഭയകക്ഷി ചർച്ച നടത്തി. എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലി, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻഹ് ഹുങ്, അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് എന്നിവരുമായാണ് ശ്രീ മോദി കൂടിക്കാഴ്ച നടത്തിയത്.

&&&&&&&&&&&&&&&&&&&&

## BRICS- COCHIN SHIPYARD

ഇന്ത്യയുടെ കപ്പൽ അറ്റകുറ്റപ്പണി വ്യവസായം ശക്തിപ്പെടുത്തുന്നതിനായി കൊച്ചിൻ ഷിപ്പ് യാർഡ്

ലിമിറ്റഡും ഡിപി വേൾഡ് ഗ്രൂപ്പിൻറെ ഭാഗമായ ഡ്രൈഡോക്ക്സ് വേൾഡും സംയുക്ത സംരംഭത്തിന് ധാരണയായി. ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിന്റെയും യുഎഇ വിദേശകാര്യ മന്ത്രി ഒമ്രാൻ ഷറഫ് അൽഹാഷിമിയുടെയും സാന്നിധ്യത്തിൽ ഇതുസംബന്ധിച്ച കരാറിൽ ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&&&

## EAST-WEST OIL PIPELINE

ഇന്നലെയുണ്ടായ ഡ്രോൺ ആക്രമണത്തിന് പിന്നാലെ സൗദി അറേബ്യയിലെ പ്രധാന എണ്ണ പൈപ്പ്‌ലൈൻ താൽക്കാലികമായി അടച്ചുപൂട്ടി. യെമനിലെ ഇറാനിയൻ പിന്തുണയുള്ള ഹൂത്തി വിമതർ ചെങ്കടലിന്റെ തെക്കൻ പ്രവേശന കവാടത്തിലുള്ള മോഖ തുറമുഖവും ബാബ് എൽ-മന്ദബ് കടലിടുക്കിലെ തന്ത്രപ്രധാന ദ്വീപായ പെരിമും പിടിച്ചെടുത്തതോടെയാണ് താൽക്കാലികമായി പൈപ്പ്‌ലൈൻ അടച്ചത്. ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗതം നിരോധിക്കപ്പെട്ട സാഹചര്യത്തിൽ സൗദിയിൽ നിന്നുള്ള എണ്ണ കയറ്റുമതി നടത്തിയതിൽ സുപ്രധാന പങ്കു വഹിച്ചത് കിഴക്കു-പടിഞ്ഞാറൻ മേഖലയിലെ ഈ എണ്ണ പൈപ്പ്‌ലൈൻ ആണ്.

&&&&&&&&&&&&&&&&&&&&

## CM KERALA

കേരളത്തിൽ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ശക്തമായ വൈദ്യുതി നയം ആവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അടുത്തമാസം ഇതിനുള്ള നടപടികൾ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## SWACHCH SAGAR - SURAKHSHIT SAGAR

സമുദ്ര മലിനീകരണം തടയേണ്ടതിന്റെ പ്രാധാന്യം ലക്ഷ്യമിട്ട് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന "സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ – 2026" ജനകീയ യജ്ഞത്തിന് തുടക്കമായി. ഈ മാസം 19 വരെ നടക്കുന്ന യജ്ഞത്തിന്റെ ഭാഗമായി, കടലും തീരവും മാലിന്യമുക്തമായി സംരക്ഷിക്കണമെന്ന സന്ദേശവുമായി കൊച്ചി ക്വീൻസ് വേയിൽ വാക്കത്തൺ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## CRICKET- IND-AFG T20I

ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ടി 20 ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. മൂന്നു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&&&&&&&&&

## CRICKET-T20 ASIA CUP

വനിതാ ടി-20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്ക നാളെ ഇന്ത്യയെ നേരിടും. ദുബായിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&

## WOMEN JUNIOR ASIA CUP FINAL

വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കി ഫൈനലിൽ ഇന്ത്യ നാളെ ആതിഥേയരായ ചൈനയെ നേരിടും. തുടർച്ചയായ മൂന്നാം കിരീടം ലക്ഷ്യമിട്ടാണ് ഇന്ത്യ കലാശപ്പോരാട്ടത്തിനിറങ്ങുന്നത്.

&&&&&&&&&&&&&&&&&&&&

## US OPEN TENNIS

യു.എസ് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ നിലവിലെ ചാമ്പ്യനായ അരീന സബലെങ്ക, എലീന റൈബാക്കിനയെ നേരിടും. ഇന്ത്യൻ സമയം നാളെ പുലർച്ചെ 1.30നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&&&

## MALAYSIA - PM

ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ത്യയിലെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം നാളെ കേരളം സന്ദർശിക്കും. കോഴിക്കോട് മർകസ് ക്യാമ്പസിൽ എത്തുന്ന അദ്ദേഹം പ്രത്യേക പ്രാർഥനാ സംഗമത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

## GUANGZHOU-NEW DELHI FLIGHTS

ആറു വർഷത്തെ ഇടവേളയ്ക്കുശേഷം ഗ്വാങ്ഷു-ന്യൂഡൽഹി വിമാന സർവീസുകൾ പുനരാരംഭിക്കുന്നതായി ചൈന സതേൺ എയർലൈൻസ്. ഈ മാസം 21-നാണ് സർവീസ് പുനരാരംഭിക്കുക. 2020-ൽ കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ടശേഷം ഇന്ത്യക്കും ചൈനയ്ക്കും ഇടയിലുള്ള വിമാന സർവീസുകൾ നിർത്തിവച്ചിരുന്നു.

&&&&&&&&&&&&&&&&&&&&

## MEGHWAL- CONVOCATION

ന്യൂഡൽഹിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ സംഘടിപ്പിച്ച ബിരുദദാനച്ചടങ്ങിൽ കേന്ദ്രമന്ത്രി അർജുൻ റാം മേഘ്‌വാൾ പങ്കെടുത്തു. രാജ്യത്ത് 23 കേന്ദ്രങ്ങളിലായാണ് പരിപാടി

നടന്നത്. പുതുതായി യോഗ്യത നേടിയ ചാർട്ടേർഡ് അക്കൗണ്ടന്റുകൾക്ക് കേന്ദ്രമന്ത്രി അംഗത്വ സാക്ഷ്യപത്രം വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&&&

## AP-HEALTH SECURITY

പൊതുജനാരോഗ്യം സംരക്ഷിക്കേണ്ടത് ദേശീയ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ. പി. നഡ്ഡ. പ്രാഥമിക ആരോഗ്യ സംരക്ഷണം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി രാജ്യത്തുടനീളം 1.75 ലക്ഷത്തിലധികം ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ആന്ധ്രാപ്രദേശിൽ 10 ക്രിട്ടിക്കൽ കെയർ ബ്ലോക്കുകളുടെയും 12 പൊതുജനാരോഗ്യ ലബോറട്ടറികളുടെയും ഉദ്ഘാടനം.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&